©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം, ശനി
Thiruvananthapuram, Saturday

2025 ഡിസംബർ 06
06th December 2025
1201 വൃശ്ചികം 20
20th Vrischikam 1201
1947 അഗ്രഹായനം 15
15th Agrahayana 1947

നമ്പർ
No.
4164

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ 71/2024/തസ്വഭവ.

തിരുവനന്തപുരം, തീയതി 2025 ഡിസംബർ, 6
1201 വൃശ്ചികം, 20
1947 അഗ്രഹായനം, 15.

എസ്. ആർ. ഒ. നമ്പർ 1345/2025

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20) 19, 36 എന്നീ വകുപ്പുകളോട് 565-ാം വകുപ്പ് കൂട്ടി വായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, 1995 ഡിസംബർ 7-ാം തീയതിയിലെ സ.ഉ. (കൈ) നം. 290/95/ത.ഭ.വ. നമ്പർ വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ചതും 1995 ഡിസംബർ 7-ാം തീയതിയിലെ 1227-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

1463/95-ാം നമ്പരായി പ്രസിദ്ധീകരിച്ചതുമായ 1995-ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യ് കേരള സർക്കാർ, ഇതിനാൽ താഴെ പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:-

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.-(1) ഈ ചട്ടങ്ങൾക്ക് 2025-ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗ നടപടിക്രമം) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങൾക്കുള്ള ഭേദഗതി.-1995-ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ, ചട്ടം 3-ന് താഴെയുള്ള ഒന്നാം ക്ലിപ്ത നിബന്ധനക്ക് പകരം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:-

"എന്നാൽ ഒരു പൊതു തെരഞ്ഞെടുപ്പിന് ശേഷം കൂടുന്ന ആദ്യ യോഗം ഒഴികെയുള്ള യോഗങ്ങൾ സർക്കാർ വിജ്ഞാപന പ്രകാരം പൊതു ഒഴിവുദിനമായി പ്രഖ്യാപിച്ചിട്ടുള്ള ദിവസങ്ങളിൽ കൂടുവാൻ പാടുള്ളതല്ല;"

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
അനുപമ ടി. വി.,
ഗവ. സ്പെഷ്യൽ സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

നിലവിലുള്ള ഒരു കൗൺസിലിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് ഒരു പൊതു തെരഞ്ഞെടുപ്പ് നടന്നിട്ടുണ്ടെങ്കിൽ പുതിയതായി തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ ആദ്യയോഗം നിലവിലുള്ള കൗൺസിലിന്റെ കാലാവധി അവസാനിക്കുന്ന ദിവസത്തിന് തൊട്ടടുത്ത ദിവസം തന്നെ കൂടേണ്ടതാണെന്ന് സർക്കാർ ലക്ഷ്യമിടുന്നു. പൊതു ഒഴിവുദിനമായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ദിവസത്തിന് തൊട്ടുമുമ്പത്തെ ദിവസം കാലാവധി അവസാനിക്കുന്ന കൗൺസിലുകളുടെ സംഗതിയിൽ പുതിയതായി തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ ആദ്യയോഗം പൊതു ഒഴിവുദിനത്തിലും കൂടുന്നത് സാധ്യമാക്കുന്നതിലേക്കായി 1995-ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിൽ അനുയോജ്യമായ ഭേദഗതികൾ വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.12.06 05:50:12 +05:30